# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 2130

19.06.2012-ൽ
മറുപടിക്ക്.

### എമർജിംഗ് കേരള -വ്യവസായ ഗ്രൂപ്പ് നിർദ്ദേശിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) 2012 സെപ്തംബറിൽ നടക്കുന്ന എമർജിംഗ് കേരള മീറ്റിൽ സംബന്ധിക്കുന്നതിന് സർക്കാർ ഇതിനകം ഏതെല്ലാം വ്യവസായ ഗ്രൂപ്പുകളുമായാണ് ചർച്ച നടത്തിയിട്ടുള്ളതെന്ന് വെളിപ്പടുത്താമോ; | (എ)കേരളത്തിലെ പുതിയ വ്യവസായ സാഹചര്യം ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വ്യവസായ സമൂഹത്തിനു പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് കേരള സർക്കാർ എമെർജിങ്ങ് കേരള സംഘടിപ്പിക്കുന്നത്. ഇതിലേയ്ക്കായി കേരള സർക്കാർ ഇന്ത്യയിലെ പ്രമുഖ സ്വകാര്യ കമ്പനികളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും ക്ഷണിച്ചിട്ടുണ്ട്. |
| (ബി) ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ വ്യവസായ ഗ്രൂപ്പും നിർദ്ദേശിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; | (ബി) ചർച്ചകളിൽ വിവിധ സർക്കാർ വകുപ്പുകളുടെ പദ്ധതികൾ ചർച്ചയിൽ പങ്കെടുത്ത വ്യവസായ ഗ്രൂപ്പുകളുമായി പങ്കുവച്ചു. കൂടാതെ ഇവരിൽ പലരും സംസ്ഥാനത്തിന് അനുയോജ്യമായ പദ്ധതികൾ പരിഗണിച്ചു വരുന്നു. |
| (സി) എമർജിംഗ് കേരളയുടെ ഭാഗമായി ഏതെങ്കിലും വ്യവസായ ഗ്രൂപ്പുമായി സർക്കാർ എം.ഒ.യു ഒപ്പുവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (സി) ഇല്ല. |

| | |
|---|---|
| (ഡി) എമർജിംഗ് കേരള പരിപാടിയുടെ സംഘാടനത്തിനും പ്രചാരണത്തിനുമായി സർക്കാർ ഇതിനകം എന്തു തുക ചെലവഴിച്ചെന്നും ഇതിനായി എന്തു തുക ആവശ്യമായി വരുമെന്നും വെളിപ്പെടുത്താമോ? | (ഡി) എമർജിംഗ് കേരള സംഘാടനത്തിനും പ്രചാരണത്തിനുമായി നാളിതുവരെ കെ.എസ്.ഐ.ഡി.സി. 196.36 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**